(ബി) അതിനുശേഷം കയറിന്റേയും കയർ ഉല്പന്നങ്ങളുടെയും കയറ്റുമതിയിൽ കുറവ് വന്നിട്ടുണ്ടോ;

(സി) കയർ വ്യവസായത്തിലെ കയറ്റുമതിക്ക് നിർണ്ണയിച്ചിട്ടുള്ള തറവില എടുത്ത് കളയുന്നത് സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) 1-10-1966-ൽ.

(ബി) കയർ യാണിന്റെ കയറ്റുമതിയിൽ കുറവുണ്ടായിട്ടുണ്ട്. കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) എം.ഇ.പി. നീക്കം ചെയ്യുകയോ നിലവിലുള്ള നിരക്കിൽ കുറവു വരുത്തുകയോ ചെയ്താൽ താഴെ സൂചിപ്പിക്കുന്ന പ്രതിസന്ധികൾ ഉണ്ടാകുന്നതാണ്.

1. കയറ്റുമതിക്കാർക്കിടയിൽ അനാരോഗ്യകരമായ മത്സരം സൃഷ്ടിക്കുന്നതിനും കയറുൽപ്പന്നങ്ങളുടെ ഗുണനിലവാരം ഇടിയുന്നതിനും നിലവിലുള്ള വിദേശവിപണിയിൽ കാര്യമായ കുറവു സംഭവിക്കുന്നതിനും വഴി തെളിയും.

2. എം.ഇ.പി. പർച്ചേയ്സ് പ്രൈസ് എൻഹോഴ്സ്മെന്റ് സ്കീം എന്നിവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഈ രണ്ടു സ്കീമുകളുടെയും പ്രവർത്തനത്തിലുള്ള പരസ്പര ബന്ധം തൊഴിലാളികൾക്ക് ന്യായമായ കൂലിയും ചെറുകിട ഉല്പാദകരുടെ ഉൽപ്പന്നങ്ങൾക്ക് മിതമായ വിലയും ലഭിക്കുന്നതിന് സഹായിക്കുന്നു. എം.ഇ.പി. നീക്കം ചെയ്യുകയോ നിലവിലുള്ള നിരക്ക് കുറയ്ക്കുകയോ ചെയ്താൽ പർച്ചേയ്സ് പ്രൈസ് എൻഹോഴ്സ്മെന്റ് സ്കീമിനെ പ്രതികൂലമായി ബാധിക്കും. തൊഴിലാളികളെയും ചെറുകിട ഉല്പാദകരെയും ചൂഷണം ചെയ്യുന്നതിന് അത് ഇടയാകും.

3. രാജ്യത്ത് വളർന്നുകൊണ്ടിരിക്കുന്ന വിദേശനാണ്യത്തിൽ ഗണ്യമായ കുറവ് എം.ഇ.പി. നീക്കം ചെയ്താൽ ഉണ്ടാകും.

4. കേരളത്തിൽ കയർ വ്യവസായ മേഖലയിൽ കയർ തൊഴിലാളികളും ചെറുകിട ഉല്പാദകരും വൻകിട ഉല്പാദകരും കയറ്റുമതിക്കാരും പരസ്പരം നിലനിർത്തിപ്പോകുന്ന സൗഹാർദ്ദപരമായ അന്തരീക്ഷം ശിഥിലമാകുന്നതിന് വഴി തെളിക്കും.

16 (*132) ടെക്സ്റ്റയിൽ മില്ലുകളുടെ പുനരുദ്ധാരണം

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. രാജു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (പേരാമ്പ്ര) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്സ്റ്റയിൽ മില്ലുകൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി) ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള തുണി വ്യവസായ സെക്ടറിന് കീഴിലുള്ള സ്ഥാപനങ്ങളെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ടെക്സ്റ്റയിൽ സെക്ടർ കമ്മിറ്റി രൂപീകരിച്ചു. ടി കമ്മിറ്റി പുനരുദ്ധാരണ പദ്ധതിക്ക് ഏകദേശം 100 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു. ടി പുനരുദ്ധാരണ പദ്ധതിക്ക് കേരളാ വ്യവസായ പുനരുദ്ധാരണഫണ്ടിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങൾ മുഖേനയും കേന്ദ്രഗവൺമെന്റിന്റെ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നുള്ള ദീർഘകാല വായ്പകൾ മുഖേനയും ധനസഹായം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രഭുറാം മിൽസ്, എടരിയോട് ടെക്സ്റ്റയിൽസ്, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, കോട്ടയം ടെക്സ്റ്റയിൽസ് എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള കെ.എസ്.റ്റി.സി.ക്ക് ബ്രിഡ്ജ് ലോണായി രണ്ടു കോടി രൂപയും കേരളാ ഗാർമെന്റ്സ് ലിമിറ്റഡിന് 1.67 കോടി രൂപയും അടിയന്തിര സഹായമായി നൽകിയിട്ടുണ്ട്.

17 (*133) **കയറിന് മിനിമം എക്സ്പോർട്ട് പ്രൈസ്**

ശ്രീ. എളമരം കരീം :
ശ്രീ. എം.എ. തോമസ് :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. പി.സി. ജോർജ് :
ശ്രീ. എ. അറിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറിന് മിനിമം എക്സ്പോർട്ട് പ്രൈസ് ഏർപ്പെടുത്തിയത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) മിനിമം എക്സ്പോർട്ട് പ്രൈസ് ഏർപ്പെടുത്തിയതു മുതൽ കയർ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിച്ചുതുടങ്ങിയതും കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മിനിമം എക്സ്പോർട്ട് പ്രൈസും പർച്ചേസ് പ്രൈസ് സ്കീമും എടുത്തുകളയാനുള്ള കേന്ദ്രഗവൺമെന്റിന്റെ നീക്കം ശ്രദ്ധയിൽപ്പെട്ടുവോ;

(ഡി) മിനിമം എക്സ്പോർട്ട് പ്രൈസ് എടുത്തുകളഞ്ഞാൽ കയർ മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ കയർ തൊഴിലാളികളുടേയും ചെറുകിട കയർ ഉല്പാദകരുടേയും താല്പര്യത്തിനു വിഘാതമായിട്ടുള്ള കേന്ദ്രഗവൺമെന്റിന്റെ നീക്കം പിൻവലിക്കാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) 1-10-1966 മുതൽ

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എം.ഇ.പി. ഘട്ടംഘട്ടമായി നീക്കം ചെയ്യാനുള്ള കേന്ദ്രസർക്കാരിന്റേയും കയർ ബോർഡിന്റേയും നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly